# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | FEBRUARY 2024 | No. 04


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 112:1–10

01. യഹോവയെ സ്തുതിപ്പിൻ, യഹോവയെ ഭയപ്പെട്ടു, അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ.
02. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും.
03. ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു.
04. നേരുള്ളവർക്കു ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു; അവൻ കൃപയും കരുണയും നീതിയും ഉള്ളവനാകുന്നു.
05. കൃപതോന്നി വായ്പ കൊടുക്കുന്നവൻ ശുഭമായിരിക്കും; വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും.
06. അവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല; നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും.
07. ദുർവ്വർത്തമാനംനിമിത്തം അവൻ ഭയപ്പെടുകയില്ല; അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചു ഉറെച്ചിരിക്കും.
08. അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു; അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവർത്തിച്ചുകാണും.
09. അവൻ വാരി വിതറി ദരിദ്രന്മാർക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു; അവന്റെ കൊമ്പു ബഹുമാനത്തോടെ ഉയർന്നിരിക്കും.
10. ദുഷ്ടൻ അതുകണ്ടു വ്യസനിക്കും; അവൻ പല്ലുകടിച്ചു ഉരുകിപ്പോകും; ദുഷ്ടന്റെ ആശ നശിച്ചുപോകും.

# നന്മയ്ക്കായി ദൈവകരം നിങ്ങളുടെ മേൽ ഉണ്ട്!

**GOD'S HAND IS UPON YOU FOR GOOD!**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



**എന്റെ ദൈവത്തിന്റെ കൈ എനിക്കു അനുകൂലമായിരുന്നതും... നെഹെമ്യാവു 2:18**

ദൈവത്തിന്റെ കരം എന്ന ആശയം കൗതുകകരമാണ്. വേദപുസ്തകത്തിന്റെ കിംഗ് ജെയിംസ് പതിപ്പിൽ (KJV) "കർത്താവിന്റെ കൈ" എന്നത് 39 പ്രാവശ്യം കാണുന്നു, പഴയനിയമത്തിൽ 36 പ്രാവശ്യവും പുതിയനിയമത്തിൽ 3 പ്രാവശ്യവും. കൂടാതെ "ദൈവത്തിന്റെ കൈ" എന്ന പ്രയോഗം വേദപുസ്തകത്തിൽ 16 പ്രാവശ്യവും, പഴയനിയമത്തിൽ 7 തവണയും പുതിയനിയമത്തിൽ 9 തവണയും കാണുന്നു.

പഴയനിയമ കാലത്ത് മാത്രമല്ല, ഇന്നും ദൈവത്തിന്റെ കരത്തിന് വളരെയധികം പ്രാധാന്യം ഉണ്ട് എന്നു നമുക്ക് ഇതിലൂടെ മനസ്സിലാക്കാം. എന്തുകൊണ്ടാണ് ദൈവത്തിന്റെ കരം നമ്മുടെ ജീവിതത്തിൽ ഇത്ര പ്രധാനമായിരിക്കുന്നത്?

- അവൻ തന്റെ കൈ കൊണ്ടു എല്ലാം ഉണ്ടാക്കി എന്നു അപ്പൊസ്തലപ്രവൃത്തികൾ 7:50 ൽ പറയുന്നു.

*3–ാം പേജിൽ തുടരും...*




## വിളിയുടെ പ്രതിധ്വനി

*ക്രിസ്തീയ യുട്യൂബ് ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിൽ**

**എല്ലാ ദിവസവും രാവിലെ 2.00 am**

**തമിഴ് ഞായർ ആരാധന - 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*





**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.

MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.

GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran



EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

E.MAIL
sam@echoofhiscall.org
biblecor@yahoo.co.in

WEBSITES
www.echoofhiscall.org
www.stpaulsmatriculation.com

YOUTUBE CHANNEL
Echo of His Call


**നദീതീരത്തു ഇക്കരെയും അക്കരെയും അനവധി വൃക്ഷം നിൽക്കുന്നതു കണ്ടു!** – (യേഹേസ്കേൽ 47:7)

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു.

വിളിയുടെ പ്രതിധ്വനിയുടെ വൈവിധ്യമായ പ്രവർത്തനങ്ങൾക്കുള്ള നിങ്ങളുടെ അചഞ്ചലമായ പ്രാർത്ഥനകൾക്കും പിന്തുണയ്ക്കും ഞങ്ങൾ നിങ്ങളോടു ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ സമർപ്പണത്തിന് തീർച്ചയായും ദൈവം പ്രതിഫലം നൽകും.




*സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ അദ്ധ്യാപകർ - ക്രിസ്തുമസ് ഗാനങ്ങൾ*

ക്രിസ്തുമസ്സ്, പുതുവർഷം, സണ്ടേസ്കൂൾ വാർഷിക പരിപാടികൾ തുടങ്ങിയ ഉത്സവ കാലത്തിന്റെ വെളിച്ചത്തിൽ സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി, തുടങ്ങിയ സ്ഥലങ്ങളിലും പരിസര പ്രദേശങ്ങളിലും ഞങ്ങൾ സുവിശേഷ യോഗങ്ങൾ സംഘടിപ്പിച്ചു. ദൈവീക സാന്നിദ്ധ്യം ജനഹൃദയങ്ങളെ സ്പർശിച്ചതിനാൽ അവരുടെ പ്രതികരണം പ്രചോദനാത്മകമായിരുന്നു. പുതുവർഷത്തിൽ വരാനിരിക്കുന്ന ഞങ്ങളുടെ പരിപാടി കൾക്കായി നിങ്ങളുടെ പ്രാർത്ഥനകൾ തുടർന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.



*ക്രിസ്തുമസ് സമയത്തെ സീനിയർ പാസ്റ്റർമാരുടെ വയൽപ്രദേശത്തെ ശുശ്രൂഷ*



*അംഗത്വത്തിനായി പ്രവർത്തിക്കുന്നവരോടൊപ്പം സീനിയർ പാസ്റ്റർ*

നമ്മുടെ നെഹെമ്യ ബൈബിൾ കോളേജുകൾക്കായി ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷനിൽനിന്ന് (ATA) അക്രെഡിറ്റേഷൻ നേടുന്നതിനുള്ള പ്രകിയ പുരോഗമിക്കുകയാണെന്ന് നിങ്ങളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഞങ്ങൾ വലിയ വില കല്പിക്കുന്നു. കൂടാതെ, നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറിയിലേക്ക് ഹിന്ദി ഭാഷയിലുള്ള വേദശാസ്ത്ര പുസ്തകങ്ങൾ ആവശ്യമായിട്ടുണ്ട്. നിങ്ങൾക്ക് ഇതുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ നിങ്ങളുടെ പിന്തുണ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വർഷത്തിലേക്ക് ഞങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ ഞങ്ങളുടെ സഹപ്രവർത്തകരിൽ ചിലർക്ക് ആരോഗ്യപരമായ വെല്ലുവിളികൾ നേരിട്ടു. ചിലർ വിടുതൽ പ്രാപിച്ചു, മറ്റു ചിലർക്ക് നിങ്ങളുടെ പ്രാർത്ഥനകൾ ആവശ്യമായിരിക്കുന്നു. ഞങ്ങൾ മുന്നോട്ടു പോകുമ്പോൾ, ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി നിങ്ങളുടെ ശക്തമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഞങ്ങൾ ചേർത്തുനിറുത്തുമെന്ന് ഞങ്ങൾ ഉറപ്പു നൽകുന്നു.

*നന്ദിയോടും അനുഗ്രഹത്തോടും കൂടി,*


***പാസ്റ്റർ അലക്സ് സാംസൺ സാം***
***പാസ്റ്റർ സാം സെൽവരാജ്***

(+91) 98412 71858/98410 71858
E-mail : sam@echoofhiscall.org


*1-ാം പേജിന്റെ തുടർച്ച...*

- ഈ പ്രാധാന്യത്തെക്കുറിച്ച് ജാബെസിന് അറിയാമായിരുന്നു, അതിനാലാണ് "നിന്റെ കൈ എന്നോടൊപ്പം ഉണ്ടാകും" എന്ന് അവൻ പറഞ്ഞത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും മേഖലകളിലും ദൈവത്തിന്റെ കരം മാത്രം നമ്മോടൊപ്പമുണ്ടാകുമെങ്കിൽ, അത് വളരെ ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കും.
- **എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു** (സങ്കീർത്തനം 31:15)
- നാം **തൃക്കൈയ്യുടെ പ്രവൃത്തി** ആണ് (സങ്കീർത്തനം 138:8)
- **എല്ലാ വഴികളും കൈവശമുള്ളവൻ** ആയ ദൈവം (ദാനീയേൽ 5:23)
- **ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു** (സങ്കീർത്തനം 19:1)
- ഞാനും നിങ്ങളും കരങ്ങൾ കോർത്തുപിടിച്ച് ദൈവത്തിന്റെ കരങ്ങളിൽ കരങ്ങൾ ചേർത്തുവയ്ക്കുമ്പോൾ, ജീവിതത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാകും.

ദൈവത്തിന്റെ കരങ്ങൾ ചെയ്യുന്ന ചില കാര്യങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം.

## 1. സൃഷ്ടിക്കുന്ന കരങ്ങൾ!

ദൈവത്തിന്റെ കരങ്ങൾ സൃഷ്ടിയുടെ കരങ്ങളാണ്. ഇല്ലായ്മയിൽനിന്നും വസ്തുക്കളെ സൃഷ്ടിക്കുവാൻ അവനു കഴിയും. **ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനാണ്** ദൈവം (റോമർ 4:17). അവന്റെ കരങ്ങൾക്ക് പുതിയവ സൃഷ്ടിക്കാൻ കഴിയും. അവൻ സൃഷ്ടാവാണ്. മാത്രവുമല്ല, മരിച്ചവയെ ജീവങ്കലേക്ക് കൊണ്ടുവരുവാനും അവനു കഴിയും. അവന്റെ കരങ്ങൾ മരിച്ചവരെയും, ജീവനില്ലാത്തതിനെയും, ഭാവിയില്ലെന്നു തോന്നുന്നവയെയും ജീവങ്കലേക്ക് മടക്കിക്കൊണ്ടു വരുവാനും പുനർജീവിപ്പിക്കുവാനും പുഷ്ടിപ്പെടുത്തുവാനും അവനു കഴിയും. അതാണ് അവന്റെ കരങ്ങളുടെ ശക്തി. നയീനിലെ വിധവയുടെ മരിച്ചുപോയ മകനെ അവന്റെ കരങ്ങൾ സ്പർശിച്ചപ്പോൾ അവൻ ജീവിച്ചു. അവൻ അവളുടെ മകനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരിക മാത്രമല്ല, അവളുടെ ജീവിതത്തിൽ മരിച്ചുപോയ അവസ്ഥയെ പുനർജീവിപ്പിക്കുകയും അവളുടെ പ്രത്യാശയും സന്തോഷവും വിശ്വാസവും പുനഃസ്ഥാപിക്കുകയും ചെയ്തു.

അവന്റെ സ്പർശനം അവളുടെ ജീവിതത്തിന് പുതിയ അർത്ഥം നൽകി, അവളുടെ അസ്തിത്വത്തിന് പുതിയ മാനവും ലഭിച്ചു. അവൻ ശവമഞ്ചത്തെ തൊട്ടപ്പോൾ ചുമക്കുന്നവർ നിന്നു. മരിച്ചവനെ അഭിസംബോധന ചെയ്ത് പറഞ്ഞു: **ബാല്യക്കാരാ, എഴുന്നേല്ക്ക എന്നു ഞാൻ നിന്നോടു പറയുന്നു. മരിച്ചവൻ എഴുന്നേറ്റു ഇരുന്നു സംസാരിപ്പാൻ തുടങ്ങി; അവൻ അവനെ അമ്മെക്കു ഏല്പിച്ചു കൊടുത്തു** (ലൂക്കൊസ് 7:14,15).

ഈ വർഷത്തിന്റെ പ്രാരംഭഘട്ടത്തിലായതിനാൽ നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെക്കുറിച്ച് അനശ്ചിതത്വം തോന്നുക സ്വാഭാവികമാണ്. നിങ്ങൾ ഒരു നിശ്ചലത അനുഭവിക്കുന്നുണ്ടാകാം, അതിൽനിന്നും പുറത്തു വരുവാനുള്ള വഴിയുണ്ടോ എന്നും ഇനി എന്തു ചെയ്യണമെന്നും ആലോചിച്ച് വേവലാതിപ്പെടുന്നുമുണ്ടാകാം. ഒരു മാസം മാത്രമേ കഴിഞ്ഞിട്ടുള്ളു എങ്കിലും ശേഷിക്കുന്ന മാസങ്ങൾ എങ്ങനെ അഭിമുഖീകരിക്കണമെന്ന് ആശങ്കയുണ്ടായിരിക്കാം. ഞാൻ ഇത് എങ്ങനെ കൈകാര്യം ചെയ്യും?

പ്രിയ സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിലെ നിർജ്ജീവ മേഖലകളിൽ ദൈവത്തിന്റെ ജീവൻ പകരുവാൻ ദൈവത്തെ അനുവദിക്കേണ്ടത് അത്യാവശ്യമാണ്. അവ തരിശായതും ഉല്പാദനമില്ലാത്തതുമാണെന്ന് അംഗീകരിച്ച് അതിനെ പുനരുജ്ജീവിപ്പിക്കുവാൻ ദൈവത്തെ അനുവദിക്കുക. ഈ പ്രക്രിയക്ക് തിരിച്ചറിവ് അത്യാവശ്യമാണ്.

## 2. സംതൃപ്തിയുടെ കരങ്ങൾ!

**സങ്കീർത്തനങ്ങൾ 145:16**

**നീ തൃക്കൈ തുറന്നു ജീവനുള്ളതിനൊക്കെയും പ്രസാദംകൊണ്ടു തൃപ്തിവരുത്തുന്നു** (സങ്കീർത്തനം 145:16).

സംതൃപ്തിയുടെ ഉറവിടമാണ് ദൈവത്തിന്റെ കരങ്ങൾ. തന്റെ ജനത്തിന്റെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിൽ അവൻ സന്തോഷിക്കുന്നു. സങ്കീർത്തം 145:19 പറയുന്നു: **തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും.** കൂടാതെ സങ്കീർത്തനം 37:4 ൽ **അവൻ**

**നിന്റെ ഹൃദയത്തിലെ ആഗ്രഹം നിനക്കു തരും** എന്നും ദൈവം വാഗ്ദത്തം ചെയ്യുന്നു. പല പ്പോഴും ഈ വാക്യം വായിക്കുമ്പോൾ, നമ്മു ടെ ഹൃദയത്തിൽ ഉണ്ടാകുന്ന എല്ലാ ആഗ്ര ഹങ്ങളും ദൈവം നിറവേറ്റിത്തരും എന്നു നാം പ്രതീക്ഷിക്കും. പക്ഷെ നമുക്ക് ആവശ്യമുള്ള ത് ലഭിക്കാതെ വരുമ്പോൾ നാം നിരാശപ്പെ ട്ടു പോകുകയും ദൈവം തന്റെ വാക്കു പാലി ച്ചില്ലെന്നു പരാതിപ്പെടുകയും ചെയ്യുന്നു.

പ്രീയ സ്നേഹിതരേ, ഈ വാക്യം നാം വായിക്കുമ്പോൾ നമ്മെ തൃപ്തരാക്കുന്നത് ദൈവം ആണെന്നും, അത് അവനെ ഭയപ്പെ ടുന്നവർക്കു മാത്രമുള്ളതാണെന്നും മനസ്സി ലാക്കണം. കാരണം, അവനെ ഭയപ്പെടുന്ന വരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈ വത്തിന്റേതുമായി ഒത്തുചേരുന്നു. ദൈവം യിസ്രായേല്യരെ മിസ്രയീമിൽ നിന്നും വിടു വിച്ചുകൊണ്ടുവന്നപ്പോൾ അവർ മാംസം ക ഴിക്കാൻ ആഗ്രഹിച്ചു. ഭക്ഷണ കാര്യത്തിൽ അവർ എന്നെപ്പോലെയായിരുന്നു എന്നു ക രുതുന്നു. നോൺവെജിറ്റേറിയൻ ഇല്ലാതെ ഭ ക്ഷണം കഴിക്കാൻ എനിക്കു പ്രയാസമാണ്. സ്വർഗ്ഗീയ ഭക്ഷണത്തിൽ യിസ്രായേല്യർ അ തൃപ്തി പ്രകടിപ്പിച്ചപ്പോൾ അവരുടെ ആഗ്ര ഹം ദൈവം നിറവേറ്റിക്കൊടുത്തു. അവനെ ഭയപ്പെടുകയും അവനിൽ സന്തോഷിക്കുക യും തൃപ്തിപ്പെടുകയും അവന്റെ വഴികളിൽ നടക്കുകയും ചെയ്യുന്നവരെയും തൃപ്തിപ്പെ ടുത്താൻ ദൈവം ഇഷ്ടപ്പെടുന്നു.

നിങ്ങളുടെ അവസ്ഥയിൽ നിങ്ങൾ സം തൃപ്തനാണെങ്കിൽ, നിങ്ങളുടെ ജീവിതത്തി ൽ ശക്തനായ ദൈവത്തിന്റെ സംതൃപ്തമാ യ കരത്തിന് നിങ്ങൾ സാക്ഷ്യം വഹിക്കും.

## 3. കരങ്ങൾ ഉയർത്തുന്നു!

### ഭയമില്ല

**ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നി യാൽ യഹോവ അവന്റെ ഗമനത്തെ സ്ഥിരമാ ക്കുന്നു. അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈപിടിച്ചു താങ്ങുന്നു** (സങ്കീർത്തനങ്ങൾ 37:23,24).

നീതിമാൻ ഇടറുമ്പോൾ ദൈവത്തിന്റെ കരം അവനെ താങ്ങുന്നു.

**ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോ ക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാ ൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സ ഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊ ണ്ടു ഞാൻ നിന്നെ താങ്ങും. ...നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോടു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ സഹാ യിക്കും എന്നു പറയുന്നു** (യെശയ്യാവ് 41:10,13).

എന്റെ ചെറുപ്പകാലത്തെ ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. ഇന്ത്യയുടെ തെ ക്കുഭാഗത്തുള്ള നാഗർകോവിലിൽ ഞാൻ പിതാവിനോടൊപ്പം ശുശ്രൂഷയ്ക്കു പോയിട്ട് തിരികെ വീട്ടിലേക്കു പോകുമ്പോൾ, ഏകദേ ശം 600 കിലോമീറ്റർ സഞ്ചരിച്ച് കടലിന്റെയോ നദിയുടെയോ കുറുകെയുള്ള പാലം കടക്കേ ണ്ടിവന്നു (പാലം ഏതെന്ന് ഓർമ്മയില്ല). ഇ ടിമിന്നലും കൊടുങ്കാറ്റുമായി മഴ തകർത്തു പെയ്യുകയായിരുന്നു. ബസ്സ് പാലത്തിൽകൂടെ സഞ്ചരിച്ചപ്പോൾ പാലം അനങ്ങുന്നതും വെ ള്ളം അടിച്ചു പൊങ്ങുന്നതും കണ്ട് ഞാൻ വളരെയധികം ഭയന്നുപോയി. അപ്പോൾ ഒരു ചൂടുള്ള കരം എന്റെ കരത്തിൽ പിടിക്കുന്ന തായി തോന്നി. അത് എന്റെ പിതാവിന്റേതാ യിരുന്നു. എനിക്ക് അതു മതിയായിരുന്നു. “ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്, ഒന്നും നിന്നെ സ്പർശിക്കാൻ പോകുന്നില്ല” എന്ന് പറയുന്നതുപോലെ തോന്നി. ഈ വാ ക്കുകൾ അദ്ദേഹത്തിനു പറയേണ്ടി വന്നില്ല എങ്കിലും എന്റെ കരത്തിലുള്ള പിടി മാത്രം മതിയായിരുന്നു എനിക്ക് സുരക്ഷിതത്വം തോ ന്നാൻ. പിന്നെ എനിക്ക് ഭയം തോന്നിയില്ല.

പ്രീയ സ്നേഹിതരേ, “കർത്താവ് തന്റെ കരങ്ങൾകൊണ്ട് അവരെ താങ്ങുന്നു” എന്ന വചനം വായിക്കുമ്പോൾ, തന്റെ ശക്തമായ കരങ്ങളാൽ നമ്മെ താങ്ങുമ്പോൾ നാം ഭാര പ്പെടേണ്ട കാര്യമില്ല എന്ന് എന്നെ ഓർമ്മി പ്പിക്കുകയാണ്. നമ്മുടെ കരങ്ങളിൽ പിടിച്ചി രിക്കുന്നത് ആരാണെന്നു മാത്രം നാം ഓർ മ്മിച്ചാൽ മതി. അപ്പോൾ സകല ബുദ്ധിയെ യും കവിയുന്ന സമാധാനം ഉണ്ടാകും. കൈ യ്യിലും കാലിലും ചങ്ങല ഇട്ടവരായി മുറിവും ചതവുമായി കഴിഞ്ഞ പൗലൊസും ശീലാ സും അനുഭവിച്ച സമാധാനം ഇതാണ്. ഇതേ സമാധാനമാണ് തീയിൽകൂടി നടന്ന എബ്രാ യ സഹോദരന്മാരും അനുഭവിച്ചത്. നമ്മുടെ കരങ്ങൾ ദൈവത്തിന്റെ കരങ്ങളുമായി ബ ന്ധിച്ചാൽ നമുക്ക് എവിടെ വേണമെങ്കിലും നടന്നു പോകാം. സങ്കീർത്തനക്കാരൻ 23:4ൽ ഇങ്ങനെ പറയുന്നു: **കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയ പ്പെടുകയില്ല.** ഈ വർഷത്തിന്റെ ശേഷിക്കു ന്ന ഭാഗങ്ങളിൽകൂടി നിങ്ങൾ കടന്നുപോകു മ്പോൾ, നിങ്ങളുടെ കരങ്ങൾ ദൈവത്തിന്റെ കരങ്ങളുമായി ബന്ധിച്ചിട്ടുണ്ടെങ്കിൽ, ഏതു സാഹചര്യങ്ങളെയും നേരിടുവാനുള്ള ശക്തി നിങ്ങൾക്കു തരും.

ഈ യാത്രയിൽ നിങ്ങൾ ഒറ്റയ്ക്കല്ല. ന മ്മുടെ കഴിഞ്ഞതും, ഇപ്പോഴത്തേതും, വരാ നിരിക്കുന്നതുമായ കാര്യങ്ങൾ അറിയുന്ന ഒ രാൾ നമ്മോടൊപ്പമുണ്ട്. അവന് നമ്മുടെ

06-ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd.: 1969

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान

Certificate in Ministry
Diploma in Theology

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ഫെബ്രുവരി 19*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ഫെബ്രുവരി 20*** ⇨ വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ ബഹുഭാഷാ ജനങ്ങളിലേക്ക് എത്തിച്ചേരാൻ സഹായിച്ചതിനായി.

***ഫെബ്രുവരി 21*** ⇨ വിളിയുടെ പ്രതിധ്വനിയുടെ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 22*** ⇨ നമ്മുടെ ജീവനക്കാരെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 23*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ 16 ഭാഷകളിലെ മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിച്ചു വിതരണം ചെയ്യാൻ അനുഗ്രഹിച്ചതിനായി.

***ഫെബ്രുവരി 24*** ⇨ ഞങ്ങളുടെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിനെയും ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സിനെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 25*** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനകളിൽ ദൈവവചനത്തിന്റെ ശക്തി വെളിപ്പെട്ടുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 26*** ⇨ ഞങ്ങളുടെ പങ്കാളികളുടെ ധാർമ്മികവും സാമ്പത്തികവുമായ സഹായങ്ങൾക്കായി.

***ഫെബ്രുവരി 27*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 28*** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയെ അനുഗ്രഹിച്ചതിനായി.

***ഫെബ്രുവരി 29*** ⇨ കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിത്തന്നതിനായി.

***മാർച്ച് 01*** ⇨ വിളിയുടെ പ്രതിധ്വനിയുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

***മാർച്ച് 02*** ⇨ നമ്മുടെ സഭകളുടെ പ്രവർത്തനങ്ങളിൽ യുവാക്കൾ കാണിക്കുന്ന ആവേശത്തിനായി.

***മാർച്ച് 03*** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവരെ ദൈവം അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***മാർച്ച് 04*** ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും സമാധാനത്തിനുമായി.

***മാർച്ച് 05*** ⇨ ഞങ്ങളുടെ പങ്കാളികൾക്കും സംസ്ഥാന കോഡിനേറ്റർമാർക്കുമായി.

***മാർച്ച് 06*** ⇨ ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ അത് എത്തിക്കുവാൻ സഹായിക്കുന്നതിനായി.

***മാർച്ച് 07*** ⇨ ഞങ്ങളുടെ എല്ലാവിധമായ സുവിശേഷ പ്രവർത്തനങ്ങൾക്കുമായി.

***മാർച്ച് 08*** ⇨ ഈ മാസത്തെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരുവാനായി.

***മാർച്ച് 09*** ⇨ നമ്മുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ സിസ്റ്റർ. സജിനി ചെറിയാന്റെ പൂർണ്ണ ആരോഗ്യത്തിനായി.

***മാർച്ച് 10*** ⇨ കോവിഡിന്റെ പുതിയ വകഭേദങ്ങളിൽനിന്നും എല്ലാ രാജ്യങ്ങൾക്കും ദൈവീക സംരക്ഷണം ലഭിക്കുവാൻ.

***മാർച്ച് 11*** ⇨ എല്ലാ രാജ്യങ്ങളിലെയും കുട്ടികളും യുവജനങ്ങളും യേശുക്രിസ്തുവിനെ തങ്ങളുടെ വ്യക്തിപരമായ രക്ഷകനായി അംഗീകരിക്കുവാനായി.

***മാർച്ച് 12*** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

***മാർച്ച് 13*** ⇨ വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്കായി.

***മാർച്ച് 14*** ⇨ ഓൺലൈൻ കളികളുടെ ആസക്തിയിൽ നിന്നും ലോകം മുഴുവനുമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും സംരക്ഷണം ലഭിക്കുവാനായി.

***മാർച്ച് 15*** ⇨ നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

***മാർച്ച് 16*** ⇨ എല്ലാ രാജ്യങ്ങളുടെയും സാമ്പത്തിക അഭിവൃദ്ധിക്കായി.

***മാർച്ച് 17*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുവാൻ.

***മാർച്ച് 18*** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദൈവീക സംരക്ഷണക്കായി.

... 4-ാം പേജിന്റെ തുടർച്ച

നാളെകളെ അറിയാമെന്നുള്ളതിനാൽ എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് ഓർ ആശങ്കപ്പെടേണ്ടതില്ല.

## 4. കരുത്തുള്ള കരങ്ങൾ!

അവന്റെ കരങ്ങൾ ശക്തിയേറിയതാണ്. ഒന്നുകിൽ അത് നിങ്ങളുടെ പക്ഷത്തിരുന്ന് നിങ്ങൾക്കു വിജയം നൽകുന്നു, അല്ലെങ്കിൽ അത് നിങ്ങൾക്ക് എതിരെ പോരാടുന്നു.

യെശയ്യാവ് 19:16 ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: **അന്നാളിൽ മിസ്രയീമ്യർ സ്ത്രീകൾക്കു തുല്ല്യരായിരിക്കും; സൈന്യങ്ങളുടെ യഹോവ അവരുടെ നേരെ കൈഓങ്ങുന്നതു നിമിത്തം അവർ പേടിച്ചു വിറെയ്ക്കും.**

ദൈവത്തിന്റെ കരങ്ങൾക്കെതിരെ ആർക്കും നിൽക്കാൻ കഴിയുകയില്ല. ആ കരങ്ങൾ നിങ്ങൾക്കെതിരെ അല്ല എന്ന് ഉറപ്പാക്കുക. ദൈവത്തിന്റെ കരങ്ങൾ നമ്മോടൊപ്പമാണെങ്കിൽ നാം സുരക്ഷിതരായിരിക്കും. മറിച്ചാണെങ്കിലോ, നാം ഒന്നുമല്ലാതായിത്തീരും.

### എപ്പോഴാണ് ദൈവത്തിന്റെ കരം നമ്മുടെ നേരെ വരുന്നത്?

പ്രവൃത്തികൾ 13:8 മുതൽ 11 വരെ എലീമാസ് എന്ന മന്ത്രവാദിയെക്കുറിച്ചും അവൻ ദേശാധിപതിയുടെ വിശ്വാസം തടുത്തുകളയുവാൻ ശ്രമിച്ചപ്പോൾ ഉണ്ടായതിനെയും കുറിച്ച് വിവരിക്കുന്നു. **ഇപ്പോൾ കർത്താവിന്റെ കൈ നിന്റെ മേൽ വീഴും; നീ ഒരു സമയത്തേക്കു സൂര്യനെ കാണാതെ കുരുടനായിരിക്കും എന്നു പറഞ്ഞു; ഉടനെ ഒരു തിമിരവും ഇരുട്ടും അവന്റെമേൽ വീണു.**

സുവിശേഷത്തിന്റെ ശത്രുക്കളെ ദൈവം സ്വന്തകരങ്ങളാൽ ശിക്ഷ കല്പിക്കുന്നു.

നാം കർത്താവിന്റെ പ്രവൃത്തികളെ എതിർക്കുമ്പോൾ, അവന്റെ വേലയെ തടയുവാനായി നാം സംസാരിക്കുമ്പോൾ, ദൈവത്തിന്റെ കരങ്ങൾ നമുക്കെതിരായി വരുന്നു. ദൈവജനങ്ങൾക്കെതിരായി സംസാരിക്കരുത്. സന്ദേശങ്ങൾ കൈമാറുന്നതും ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നതും നിർത്തുവിൻ. ദൈവവേലക്കാർക്കെതിരെയോ ശുശ്രൂഷക്കെതിരെയോ സംസാരിക്കരുത്, എല്ലാം ദൈവത്തിനു വിട്ടു കൊടുക്കുവിൻ.

നാം ദൈവത്തിന്റെ പ്രവൃത്തികൾക്ക് ഇടർച്ചയായതിനാൽ ദൈവം നമ്മുടെ കണ്ണുകളെ അന്ധമാക്കിയിരിക്കുന്നു, നാം അന്ധതയിൽ നടക്കുന്നു. വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ ദൈവവേലയ്ക്ക് എതിരെ നാം നിൽക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു നമുക്ക് ചിന്തിക്കാം. ചെയ്തിട്ടുണ്ടെങ്കിൽ ദൈവത്തിന്റെ കരങ്ങൾ നമുക്ക് എതിരെ ആയതിനാൽ നാം ജാഗ്രത പാലിക്കണം.

ദൈവത്തിന്റെ കരങ്ങൾ നമുക്ക് അനുകൂലമെങ്കിൽ നാം വിജയിച്ചിരിക്കുന്നു. **യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു; അവന്റെ വലങ്കയ്യും അവന്റെ വിശുദ്ധ ഭുജവും അവന്നു ജയം നേടിയിരിക്കുന്നു** (സങ്കീർത്തനങ്ങൾ 98:1).

പ്രീയ ദൈവദാസന്മാരേ, ചിലപ്പോൾ നിങ്ങളുടെ പാത ഏകാന്തവും ദീർഘവും പ്രയാസകരവുമായിരിക്കും. നിങ്ങൾ ചെയ്യുന്ന കഠിനാധ്വാനം വിലമതിക്കപ്പെടാതെ പോകുകയാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? സുവിശേഷീകരണത്തിനായുള്ള നിങ്ങളുടെ കഷ്ടതകളും വേദനകളും ശാരീരിക ദണ്ഡനങ്ങളുമെല്ലാം മറ്റാരും കാണുന്നില്ല എങ്കിലും യേശുക്രിസ്തു കാണുന്നുണ്ട്. കാരണം, അവൻ ഇതേ അവസ്ഥയിലൂടെ കടന്നുപോയവനാണ്. അവൻ നിരസിക്കപ്പെട്ടു, വിമർശിക്കപ്പെട്ടു, പരിഹസിക്കപ്പെട്ടു, നിരുത്സാഹപ്പെടുത്തി, ഒറ്റപ്പെടുത്തി. നിങ്ങളെ വിളിച്ചവൻ വിശ്വസ്തനാണെന്ന് ഓർക്കുക. അവൻ നിങ്ങളെ അറിയുന്നു, അവൻ നിങ്ങൾക്കു വേണ്ടി പോരാടും. നമ്മുടെ യുദ്ധങ്ങളിലെല്ലാം നമുക്കുവേണ്ടി പോരാടുന്ന ഒരു ദൈവമുള്ളതിനാൽ നിശ്ചലമായിരിക്കുവിൻ. തോൽവിയെന്തെന്ന് അവന് അറിയുകയില്ല! നമ്മുടെ ദൈവം തന്റെ ശക്തമായ കരങ്ങൾ കൊണ്ടു പോരാടുന്ന ശക്തനായ യോദ്ധാവാകയാൽ നാം വിജയം വരിക്കും.

## 5. രൂപപ്പെടുത്തുന്ന കരങ്ങൾ!

അവസാനമായി, ദൈവത്തിന്റെ കരങ്ങൾ രൂപപ്പെടുത്തുന്ന കരങ്ങളാണ്. അവൻ കുശവനും നാം അവന് രൂപപ്പെടുത്തുവാനുള്ള കളിമണ്ണുമാണ്. ചിലപ്പോൾ അരിവാൾ കൊണ്ടും, അരികുകൾ ചെത്തി ഒതുക്കിയും അവൻ നമുക്ക് അവന് ഇഷ്ടമുള്ള രൂപം നൽകുന്നു. അവന് നമ്മെ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതിനായി നമ്മുടെ ഇഷ്ടങ്ങൾക്കെതിരായും അവൻ നമ്മെ രൂപാന്തരപ്പെടുത്തുന്നു.

ദൈവത്തിന്റെ രൂപാന്തരപ്പെടുത്തൽ അത്ര സുഖകരമായ അനുഭവമല്ല. ഇത് നമ്മെ

9 -ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

Certificate in Ministry
Diploma in Theology

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നിങ്ങൾ നൂറിരട്ടി പ്രാപിക്കും, നിത്യജീവൻ അവകാശമാക്കുകയും ചെയ്യും!

**"ചെയ്‌വാൻ നിനക്കു സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക; കാറ്റിനെ വിചാരിക്കുന്നവൻ വിതെക്കയില്ല; മേഘങ്ങളെ നോക്കുന്നവൻ കൊയ്കയുമില്ല." – സഭാപ്രസംഗി 9:10, 11:4**

വേദപുസ്തക കറസ്പോണ്ടൻസ് കോഴ്സുകളിലൂടെയും ബൈബിൾ കോളേജുകളിലൂടെയും ജീവിതത്തിന്റെ നാനാതുറകളിലുള്ളവരെ വേദപുസ്തകത്തിലെ അഗാധമായ സത്യങ്ങൾ പഠിപ്പിക്കണമെന്നത് എന്റെ വളരെ നാളത്തെ ആഗ്രഹമായിരുന്നു. ഈ ആഗ്രഹം എന്റെ ഹൃദയത്തിൽ ആഴത്തിൽ വേരൂന്നുകയും വർഷങ്ങളോളം വളരുകയും തിളങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനുള്ള വരുമാനം കണ്ടെത്താനാകാതെയും ആരെങ്കിലും എന്നോടു ചേർന്നു എന്നെ നയിക്കുവാനില്ലാതെയും ഞാൻ നിസ്സഹായനായിപ്പോയി. ഈ കാലഘട്ടത്തിൽ ഞാനും കുടുംബവും ഒരു സൗകര്യങ്ങളുമില്ലാത്ത ഒരു ചെറിയ വീട്ടിൽ ദാരിദ്ര്യത്തിൽ കഴിയുകയായിരുന്നു.

1980–ലെ ഒരു ദിവസം "ഇന്ത്യ ബൈബിൾ ലിറ്ററേച്ചർ" എന്ന സംഘടനയുടെ ഒരു സുവിശേഷ പാക്കറ്റ് എനിക്കു ലഭിക്കുകയുണ്ടായി. ആ പാക്കറ്റിനകത്ത് കുറെ സുവിശേഷ പ്രതികളും കത്തിടപാടിനും പഠനത്തിനുമുള്ള ഒരു കോഴ്സ് ബുക്കും ഉണ്ടായിരുന്നു. എനിക്കു ലഭിച്ച ഈ സുവിശേഷപ്രതികളും കോഴ്സ് ബുക്കും, പല ഭാഷകളിലുള്ള ഇന്ത്യയിലെ ജനങ്ങൾക്കായി വിനിയോഗിക്കുവാൻ ഞാൻ ആഗ്രഹിച്ചു. ഉടൻ തന്നെ വളരെ പഴക്കമുള്ള എന്റെ സൈക്കിളിൽ ചെന്നൈ തൗസന്റ് ലൈറ്റ്സിലുള്ള ഇന്ത്യ ബൈബിൾ ലിറ്ററേച്ചറിന്റെ ഓഫീസിലേക്ക് പോയി.

വേലായുധം അഥവാ വേലു എന്ന പേരിലുള്ള ഒരു ചെറുപ്പക്കാരനെ ഞാൻ അവിടെ കണ്ടു. അദ്ദേഹമാണ് അവിടത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ. എനിക്കു ലഭിച്ചതു പോലെയുള്ള പാക്കറ്റുകൾ വളരെ കാര്യക്ഷമമായും വൃത്തിയോടും ഭംഗിയായും പൊതിഞ്ഞ് അയയ്ക്കാൻ വേണ്ടി തയ്യാറാക്കി വയ്ക്കുന്നത് ഞാൻ കൗതുകത്തോടെ നോക്കി നിന്നു. അദ്ദേഹവുമായി ചേർന്ന് പ്രവർത്തിക്കുവാൻ ഞാൻ തീരുമാനമെടുത്തു.

ഈ കോഴ്സ് ബുക്കുകളിൽ ചിലത് എനിക്കു തരാമോ എന്ന് അദ്ദേഹത്തോട് ഞാൻ താഴ്മയോടെ ചോദിച്ചു. ഒരു പുസ്തകത്തിന്റെ വില അൻപതു പൈസയാണ് എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ വളരെ ദരിദ്രനായ ഒരു സർക്കാർ ഉദ്യോഗസ്ഥനാണെന്നും വളരെ ചെറിയ ശമ്പളമാണ് എനിക്കു ലഭിക്കുന്നതെന്നും ഞാൻ പറഞ്ഞു. അതു കേട്ടപ്പോൾ 10 ബുക്കുകൾ സൗജന്യമായി എനിക്കു തന്നു. പക്ഷെ എനിക്ക് തൃപ്തി വരാതെ ജനാലയിലൂടെ ഞാൻ ആ ബുക്കുകളെ നോക്കിക്കൊണ്ടിരുന്നു. ആ സ്ഥലത്തു നിന്നും എനിക്കു മാറിപ്പോകുവാൻ കഴിഞ്ഞില്ല. പെട്ടെന്ന് മറ്റൊരു സഹോദരൻ "നീയാരാണ്, വളരെ നേരമായി ഇവിടെ ചുറ്റിക്കറങ്ങുകയും ഞങ്ങളുടെ ഓഫീസിലേക്ക് നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്" എന്നു ചോദിച്ചു. ഞാൻ പറഞ്ഞു. "യേശുക്രിസ്തുവിനെ സേവിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന പാവപ്പെട്ട മനുഷ്യനാണ് ഞാൻ. കറസ്പോണ്ടൻസ് ബുക്കുകൾ എനിക്കു വാങ്ങിയാൽ കൊള്ളാമെന്നുണ്ട്'' എന്നു പറഞ്ഞു. അതു വേണമെങ്കിൽ കുറച്ചു പണം കൊണ്ടുവരിക എന്ന് അദ്ദേഹം പറഞ്ഞു. അതിനാൽ ഞാൻ എന്റെ ആകെ കൂടിയുള്ള സമ്പത്തായ പഴയ സൈക്കിൾ വിൽക്കാൻ തീരുമാനിച്ചു.

അടുത്തുള്ള ഒരു സൈക്കിൾ റിപ്പയർ കടയിൽ ചെന്ന് നൂറു രൂപയ്ക്ക് എന്റെ സൈക്കിൾ വിറ്റ് 200 കറസ്പണ്ടൻസ് കോഴ്സ് ബുക്കുകൾ വാങ്ങി. എനിക്ക് സഞ്ചരിക്കാൻ ആകെയുണ്ടായിരുന്ന സൈക്കിൾ വിറ്റതിനാൽ അഞ്ചു കിലോമീറ്റർ അകലെയുള്ള എന്റെ താമസ സ്ഥലത്തേക്ക് ഈ കെട്ട് തലയിലും തോളിലും വച്ച് നടക്കേണ്ടി വന്നു. ഇങ്ങനെ ചുമടെടുത്ത് എനിക്കു ശീലമില്ലാത്തതിനാൽ ഞാൻ വളരെയധികം ക്ഷീണിച്ച് തളർന്നുപോയി. രണ്ടുപ്രാവശ്യം എന്റെ തലയിലും തോളിലും ഉള്ള ചുമട് താഴെ വീണുപോയി. അനേകം പേർ എന്നെ കളിയാക്കി ചിരിച്ചു. പക്ഷെ ഇതെല്ലാം ചുമന്നുകൊണ്ട് ഞാൻ ഭവനത്തിലെത്തി ഞാൻ ഇത് വിതരണം ചെയ്യാൻ ആരംഭിച്ചു.

ബ്രദർ എം. പോൾരാജുമായി ചേർന്ന് ''നിങ്ങൾക്കായി പുതുജീവിതം'' എന്ന പേരിൽ ഒരു കോഴ്സ് ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. പിന്നീട് **വിളിയുടെ പ്രതിധ്വനി** സായാഹ്ന ബൈബിൾ കോളേജുകൾ ആരംഭിക്കുവാൻ സാധിച്ചു.

പ്രിയ സുഹൃത്തെ, എന്റെ പഴയ സൈക്കിൾ ഒരു ദിവസം ദൈവരാജ്യത്തിനുവേണ്ടി വിൽക്കേണ്ടി വന്നു. അത് എന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും കണ്ണിൽ അജ്ഞതയും നാണംകെട്ട പ്രവൃത്തിയുമായിരുന്നു. പക്ഷെ ഇന്ന് ദൈവം എനിക്ക് അനേകം വാഹനങ്ങളും സഹായിക്കാൻ മനസ്സുള്ള അനേകം പേരെയും തന്നിരിക്കുന്നു.

ഒരിക്കൽ എനിക്ക് തലച്ചുമടായും തോളിലുമായി സുവിശേഷ പുസ്തകങ്ങൾ ചുമക്കേണ്ടി വന്നു. എന്റെ യുവത്വത്തിൽ അത് നാണക്കേടുണ്ടാക്കുന്നതും പ്രയാസമുള്ളതുമായ പ്രവൃത്തി ആയിരുന്നു. പക്ഷെ ഇന്ന് ദൈവം വാനുകളും മിനി ബസ്സുകളും ജീവനക്കാരെയും തന്ന് അനുഗ്രഹിച്ചിരിക്കുന്നു.

പ്രീയ സഹോദരാ, നിന്റെ ഭാവിയെക്കുറിച്ചും നിന്നെക്കുറിച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. നിനക്ക് ഇനിയും സമയമുണ്ട്. ദൈവത്തിനുവേണ്ടി നീ എന്തെങ്കിലും ത്യജിക്കുന്നു എങ്കിൽ ദൈവം നിന്നെ സമൃദ്ധിയായി അനുഗ്രഹിക്കും. നിന്റെ ആദർശ പുരുഷനായി യേശുക്രിസ്തുവിനെ തിരഞ്ഞെടുക്കുക. നിങ്ങൾക്ക് മുഖ്യമായത് ദൈവത്തിനായി സമർപ്പിക്കുക. നിന്റെ ജീവിതത്തിൽ അനുഗ്രഹത്തിന് ഒരു അവസാനവും ഉണ്ടാകയില്ല. ഓർക്കുക:

**ഒരേ ഒരു ജീവിതം; അത് പെട്ടെന്ന് കടന്നുപോകും;**
**യേശുവിനുവേണ്ടി ചെയ്തത് നിലനിൽക്കും!**

## Kind Attention: Echo of His Call Readers

Our 5 minute **Echo of His Call** YouTube messages are being broadcasted from 2.00 A.M. in Tamil, Telugu, English and Hindi (everyday). You can receive the Grace of God by watching the messages.

Moreover, save my mobile numbers (+91) 98410 71858, (+91) 98412 71858 (personal) in your mobile phones.

- Pr. S. Sam Selva Raj

*6-ാം പേജിന്റെ തുടർച്ച...*

വേദനിപ്പിക്കുകയും ദുർബലരാക്കുകയും ചെയ്യുന്നു. എന്നാൽ ഈ സമയത്താണ് നാം ദൈവത്തിന്റെ സമൃദ്ധമായ ജ്ഞാനത്തിന്റെയും അവന്മേലുള്ള ആശ്രയത്തിനുമായി ദൈവത്തിന്റെ മുമ്പിൽ കീഴടങ്ങേണ്ടത്. നമ്മുടെ ചിന്തകൾക്കതീതമായി എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവനാണ് ദൈവം എന്നു നാം ഓർക്കേണ്ടതാണ്.

നമ്മെ രൂപപ്പെടുത്തുവാനായി പല സാഹചര്യങ്ങളും പരിതസ്ഥിതികളും ദൈവം നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നു. നമ്മെ രൂപപ്പെടുത്തുവാൻ മറ്റു ചില ആളുകളെയും അവൻ ഉപയോഗിക്കുന്നു. നമ്മുടെ ജീവിതത്തിൽ കടന്നുവരുന്ന ചില വ്യക്തികളുടെ അസഹ്യവും തുളച്ചുകയറുന്നതുമായ വാക്കുകൾ നമ്മെ മുറിപ്പെടുത്തുന്നതാണെങ്കിലും അവരെ ബുദ്ധിമുട്ടിക്കാതിരിക്കാനായി നാം അത് സഹിക്കുന്നു. അതിലൂടെ ക്ഷമ എന്തെന്ന് മനസ്സിലാക്കാൻ ദൈവം അവസരം ഒരുക്കിത്തരുന്നു. നമ്മുടെ സ്വഭാവത്തെ രൂപപ്പെടുത്തുവാനായി ചില വ്യക്തികളെ ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നു. നമ്മുടെ ജീവിതത്തെ ചെത്തിമിനുക്കാൻ ചില വ്യക്തികളെ ദൈവം നമ്മുടെ ജീവിതത്തിൽ കൊണ്ടു വരുന്നു. ദൗത്യം ഭംഗിയായി തീർത്തതിനുശേഷം അവർ നമ്മുടെ ജീവിതത്തിൽനിന്നും മടങ്ങിപ്പോകുന്നു. നമ്മുടെ ജീവിതങ്ങളിൽനിന്നും അകന്നുമാറി, ശാശ്വതമായ മുറിവ് ശേഷിപ്പിച്ചുകൊണ്ട് പോകുന്നവരെ ഓർത്ത് നാം പലപ്പോഴും വിലപിക്കുന്നു. ചില കാലഘട്ടങ്ങളിൽ ചിലർ നമ്മുടെ ജീവിതത്തിൽ കടന്നുവരുന്നു. ചിലർ നമ്മുടെ ജീവിതകഥയുടെ ആദ്യ താളുകളിൽ മാത്രം കാണുന്നു, മറ്റു ചിലർ ചില അദ്ധ്യായങ്ങളിലും, വളരെ അപൂർവ്വമായി ചിലർ കഥ അവസാനിക്കുന്നതുവരെയും കാണുന്നു. അതുകൊണ്ട്, ചില ആളുകളെ നമ്മുടെ ജീവിതത്തിൽനിന്നും അകന്നുപോകുവാൻ ദൈവം അനുവദിക്കുമ്പോൾ അതിനെ ശക്തമായി നേരിടുവിൻ. അകന്നുപോകുന്നതിന്റെ കാരണമെന്താണെന്ന് ദൈവത്തിന് വളരെ കൃത്യമായി തന്നെ അറിയാം.

ചില സമയങ്ങളിൽ ദൈവത്തിന്റെ ശക്തമായ കരങ്ങൾ നമ്മെ തകർത്തുകളയുന്നതായി നമുക്ക് അനുഭവപ്പെട്ടേക്കാം. അത് നിന്നെ നശിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല, മറിച്ച് നിന്നെ രൂപാന്തരപ്പെടുത്താൻ വേണ്ടിയാണ്.

**അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ** എന്നു 1 പത്രൊസ് 5:6ൽ രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ കർത്താവിന്റെ കരങ്ങൾ എത്രമാത്രം ശക്തിയേറിയതാണെന്നു നമുക്കു നോക്കാം.

കർത്താവിന്റെ ശക്തിയേറിയ കരങ്ങൾക്കുകീഴിൽ നമ്മുടെ ജീവിതങ്ങളെയും ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും സമർപ്പിക്കുകയും അവന്റെ കരത്തിൻ കീഴിൽ താണിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ ലേഖനത്തിൽ പ്രസ്താവിച്ച എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് അനുഭവവേദ്യമാക്കുവാൻ സാധിക്കുന്നതാണ്.

************


## URGENT

We require approximately 1000 Hindi Christian books for **our Nehemiah Bible Colleges**. Kindly inform us about the possibility of obtaining theological Hindi books.

**Please stop sending books in English and Tamil languages.** Thank you.

- Pr. S. Sam Selva Raj, Editor
+91-98412 71858

## URGENT NEED

**VICE PRINCIPAL & Teachers for**

**ST. PAUL'S MATRICULATION SCHOOL,**
**An *Echo of His Call* Institution**
**Vijayanagaram, Medavakkam, Chennai - 100.**

We need well qualified, experienced, dedicated, hard working and mission oriented Christians.

Apply with Bio-data to
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

## WANTED for

**NEHEMIAH BIBLE COLLEGE**
**of ECHO OF HIS CALL, Chennai**
(ATA - Registered Candidate for Membership)

**DEAN (Residential):**
Hindi Theologian with M.Div. / M.Th. Degree & experience. Boarding, Lodging and Salary will be paid.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 5th FEBRUARY, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**